## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **13-10-2021 - ൽ മറുപടിയ്ക്ക്**

## ആലത്തൂർ മണ്ഡലത്തിലെ വന്യജീവി ആക്രമണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ നിരവധി കൃഷിസ്ഥലങ്ങളിൽ വന്യജീവികളുടെ ശല്യം രൂക്ഷമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇവയുടെ ആക്രമണത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ആലത്തൂർ മണ്ഡലത്തിലെ നിരവധി കൃഷിസ്ഥലങ്ങളിൽ വന്യജീവികളുടെ ആക്രമണം ഉണ്ട്. ആയതിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. 1. സൗരോർജ്ജ വേലിയുടെ നിർമ്മാണം പനങ്കുറ്റി - പുല്ലംപരുത - 4.6 കി.മീ തളികക്കല്ല് കോളനിക്കു ചുറ്റുമുള്ള പ്രദേശങ്ങൾ - 3.2 കി.മീ 2020-21 വർഷത്തിൽ ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കവ, വി.ആർ.ടി എന്നീ ഭാഗങ്ങളിൽ ഓരോ കിലോമീറ്റർ വീതം സോളാർ പവർഫെൻസിംഗ് ടെണ്ടർ നടപടികൾ പൂർത്തിയാവുകയും നിർമ്മാണപ്രവർത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ് 2. ജനജാഗ്രതാ സമിതികളുടെ രൂപീകരണം വണ്ടാഴി, കിഴക്കഞ്ചേരി പഞ്ചായത്തുകളിലെ ജനജാഗ്രതാസമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഓരോ മൂന്ന് മാസംതോറും സമിതി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. 3. കാട്ടുപന്നിശല്യം ആലത്തൂർ നിയോജക മണ്ഡലത്തിൽ കാട്ടുപന്നിശല്യം രൂക്ഷമായ പ്രദേശങ്ങൾ താഴെ പറയുന്നു. കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിന് 13 പേരെ എം.പാനൽ ചെയ്തിട്ടുണ്ട്. ടിയാൻമാരുടെ സേവനം ഉപയോഗിച്ച് നാളിതുവരെയായി ശല്യക്കാരായ 21 പന്നികളെ വെടിവെച്ചു കൊന്നിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നമ്പർ 02/2015/വനം തീയതി 08.01.2015 പ്രകാരം കൃഷിനാശം സംഭവിക്കുന്ന 27 ഇനം കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ) നം.17/2018/വനം പ്രകാരം |

| | | | |
|---|---|---|---|
| | | | കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും നൽകുന്നുണ്ട്. ഒരു വർഷത്തിൽ ഒരാൾക്ക് 4 തവണ കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ